## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2938 — 15/12/2015-ൽ മറുപടിക്ക്

### കൽപ്പറ്റ നിയോജക മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കൽപ്പറ്റ അസംബ്ലി നിയോജകമണ്ഡലത്തിൽ സീമാറ്റ്-കേരളയുടെ ആഭിമുഖ്യത്തിൽ നിയോജക മണ്ഡലത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ആശയരൂപീകരണ ശില്പശാല നടത്തുകയും, തുടർപ്രവർത്തനം എന്ന നിലയിൽ സ്കൂളുകളെ സംബന്ധിച്ച് ഡേറ്റ ശേഖരണം നടത്തുകയും, പൊതുവായ (ഭൗതികവും അക്കാഡമികവുമായ) ആവശ്യങ്ങൾ കണ്ടെത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. കൂടാതെ സീമാറ്റ്-കേരളയുടെ ആഭിമുഖ്യത്തിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പ്രഥമാധ്യാപകർക്ക് (പ്രൈമറി തലം മുതൽ ഹയർസെക്കന്ററി തലം വരെ) മാനേജ്മെന്റ് പരിശീലനം നൽകുകയും, മണ്ഡലത്തിൽ നടപ്പിലാക്കുന്ന സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ പ്രോജക്ട് അവരെ പരിചയപ്പെടുത്തുകയും ചെയ്തിരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറിതലം മുതൽ ഹയർസെക്കന്ററിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച മാനേജ്മെന്റ് പരിശീലനവും |

സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കിക്കഴിഞ്ഞു. ബാക്കി പ്രവർത്തനങ്ങൾ പ്രോജക്ടിൽ പറയും പ്രകാരം ബഹു:എം.എൽ.എ ചെയർമാനായ നിയോജകമണ്ഡലം സമിതി യുടെയും, മുനിസിപ്പൽ ചെയർമാൻ ചെയർമാനായ മുനിസിപ്പൽ കമ്മിറ്റിയുടെയും ഗ്രാമപഞ്ചായത്തു പ്രസിഡന്റ് ചെയർമാനായ ഗ്രാമപഞ്ചായത്തു കമ്മിറ്റിയുടെയും നേതൃത്വത്തി ലാണ് നടക്കുന്നത്.

| | | | |
|---|---|---|---|
| (സി) | നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) | സീമാറ്റ്-കേരള ചെയ്യുന്ന പ്രവർത്തനങ്ങളായ ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറിതലം മുതൽ ഹയർസെക്കന്ററിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്കുള്ള മാനേജ്മെന്റ് പരിശീലനം എന്നിവയ്ക്കുള്ള ചിലവുകൾ സീമാറ്റ്-കേരളയുടെ ഫണ്ടിൽ നിന്നാണ് ചെലവഴിക്കുന്നത്. മണ്ഡലത്തിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ അതാത് മണ്ഡലങ്ങളിലെ എം.എൽ.എ അദ്ധ്യക്ഷനായ നിയോജകമണ്ഡല കമ്മിറ്റികളുടെ നേതൃത്വത്തിലാണ് നടക്കുന്നത്. എം.എൽ.എമാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ സ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നത്. |

Sreedevi

സെക്ഷൻ ഓഫീസർ